# നിഷിദ്ധമായ ലൈംഗിക വേഴ്ചകൾ

*മുഹമ്മദ് മുസ്തഫാ അൽ ജിബാലി*
*വിവർത്തനം: മുഹമ്മദ് സിയാദ്, പി. എസ്. നാസർ*

ഇരു പങ്കാളികൾക്കും നിഷിദ്ധമായ ചില സ്നേഹ പ്രകടനങ്ങളെ കുറിച്ചാണ് നാം ഇവിടെ ചർച്ച ചെയ്യുന്നത്.

## ഗുദമൈഥുനം

### ശക്തമായ വിലക്ക്

ഗുദമൈഥുനം ഇസ്ലാം ശക്തമായി വിലക്കിയ ഗുരുതരമായ ഒരു പാപമാണ്. പ്രകൃതിവിരുദ്ധമായ ഒരു പ്രവൃത്തിയുമാണത്. വിവാഹത്തിൻെറ ലക്ഷ്യങ്ങളിൽ പെട്ട ഒന്നിനെയും അത് പൂർത്തീകരിക്കുന്നില്ല. എന്നല്ല, നല്ലതിനേക്കാൾ വൃത്തികേടുകൾക്ക് മുൻഗണന നൽകുന്ന തല തിരിഞ്ഞ പ്രകൃതക്കാരുടെ നടപടി ക്രമമാണത്. അത് അല്ലാഹു കഠിനമായി ആക്ഷേപിക്കുകയും ശിക്ഷിക്കുകയും ചെയ്ത ലൂത്ത് നബി(ﷺ)യുടെ സമുദായത്തിൻെറ മാർഗമാണ്.

ഖുസൈമ ഇബ്നു ഥാബിത് (ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«إنَّ اللهَ ينهاكُم أن تَأتوا النِّساءَ في أدبارِهِنَّ.»

“നിശ്ചയം, സ്ത്രീകളെ അവരുടെ ഗുദത്തിലൂടെ സമീപിക്കുന്നതിനെ അല്ലാഹു നിങ്ങൾക്ക് വിലക്കിയിരിക്കുന്നു.”[1]

മറ്റൊരു റിപ്പോർട്ട് പ്രകാരം, ഖുസൈമ ഇബ്നു ഥാബിത് (ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«إتيانُ النِّساءِ في أدبارِهِنَّ حَرامٌ.»

“സ്ത്രീകളെ അവരുടെ ഗുദത്തിലൂടെ സമീപിക്കുന്നത് നിഷിദ്ധമാണ്.”[2]

ഖുസൈമ ഇബ്നു ഥാബിതും ജരീറുബ്നു അബ്ദില്ല (ﷺ)യും നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«إن اللهَ لا يستَحْيِي مِنَ الحقِّ، لا تَأتوا النِّساءَ في أدبارِهِنَّ.»

“നിശ്ചയം, സത്യം പറയുന്നതിൽ അല്ലാഹു ലജ്ജിക്കുകയില്ല. സ്ത്രീകളെ അവരുടെ ഗുദത്തിലൂടെ നിങ്ങൾ സമീപിക്കരുത്.”[3]

---

[1] ത്വബ്റാനി (*അൽ കബീറിൽ*). സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*സ്വഹീഹുൽ ജാമിഅ്* ന.1921)

[2] നസാഈ (*അൽ കുബ്റായിൽ*). സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*അസ്സ്വഹീഹ* ന.873)

**അല്ലാഹുവിൻെറ ശാപത്തിന് അർഹരാകും**

ഭാര്യയുമായി ഗുദമൈഥുനം നടത്തുന്നവൻ അല്ലാഹുവിൻെറ ശാപകോപങ്ങൾക്ക് വിധേയനാകും.

ഇബ്നു അബ്ബാസ് (ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«لا ينظرُ اللهُ إلى رَجُلٍ أتى رجلاً، أو امرأةً في الدُّبُر.»

"നിശ്ചയം, ലൈംഗിക വേഴ്ചക്കായി പുരുഷനെ സമീപിക്കുന്നവനെയും, സ്ത്രീയെ അവളുടെ ഗുദത്തിലൂടെ സമീപിക്കുന്നവനെയും അല്ലാഹു നോക്കുകയില്ല."[4]

അബൂ ഹുറയ്റ (ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«لا ينظرُ اللهُ إلى (أو ملعونٌ) مَن جامعَ امرأتَه في دُبُرِها.»

"ഭാര്യയുമായി അവളുടെ ഗുദത്തിലൂടെ വേഴ്ച നടത്തുന്നവനെ അല്ലാഹു കാരുണ്യത്തോടു കൂടി നോക്കുകയില്ല."[5]

**ഐഹിക ശിക്ഷ**

ദമ്പതിമാർ ഗുദമൈഥുനത്തിലേർപ്പെട്ടതായി ഒരു ഇസ്ലാമിക ന്യായാധിപന് ബോധ്യമായാൽ, അവരെ ശാരീരികമായി ശിക്ഷിക്കാനും അവരെ തമ്മിൽ വേർപിരിക്കാനുമുള്ള അധികാരം അദ്ദേഹത്തിനുണ്ട്.

ഇബ്നു തൈമിയ്യ പറഞ്ഞു:

"ഒരു ഭർത്താവ് തൻെറ ഭാര്യയുമായി ഗുദമൈഥുനം നടത്തുകയും, അവൾ അതിന് സമ്മതിക്കുകയും ചെയ്താൽ, അവർ ഇരുവരെയും (ഇസ്ലാമികാധികാരികൾ) ശിക്ഷിക്കണം. അവർ ഇത് ആവർത്തിക്കുകയാണെങ്കിൽ, അവരെ തമ്മിൽ വേർപെടുത്തണം."[6]

**ആർത്തവകാലത്തെ വേഴ്ച**

നാം മുമ്പ് ചർച്ച ചെയ്തത് പോലെ, ആർത്തവകാരിയുമായി ലൈംഗികവേഴ്ച നടത്തുന്നത് നിഷിദ്ധമാണ്. അങ്ങനെ വേഴ്ച നടത്തുന്നത്, പുരുഷനും സ്ത്രീക്കും ഒരുപോലെ ഹാനികരമാണ്.

അല്ലാഹു പറയുന്നു:

وَيَسْـَٔلُونَكَ عَنِ ٱلْمَحِيضِ ۖ قُلْ هُوَ أَذًى فَٱعْتَزِلُوا۟ ٱلنِّسَآءَ فِى ٱلْمَحِيضِ

---

[3] നസാഈ, ഇബ്നു മാജ. സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*സ്വഹീഹുൽ ജാമിഅ്* ന.933, 934, 1852, 7711, *ഇർവാഉൽ ഗലീൽ* ന.2005)

[4] *തിർമിദി.* സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*സ്വഹീഹുൽ ജാമിഅ്* ന.7801, *ആദാബുസ്സിഫാഫ്* പേ. 105)

[5] *നസാഈ, അഹ്മദ്.* സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*സ്വഹീഹുൽ ജാമിഅ്* ന.5889,7802, *ആദാബുസ്സിഫാഫ്* പേ. 105)

[6] *മജ്മൂഉൽ ഫതാവ* 32:266-268

"ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക; അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്നു നിൽക്കേണ്ടതാണ്." (സൂറ. അൽബക്വറ: 222)

ആർത്തവകാരിയുമായി ലൈംഗികവേഴ്ച നടത്തുന്നതും വൻപാപമാണ്. അബൂ ഹുറയ്റ (ﷺ) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«من أتى كاهناً فصدَّقَهُ بما يقولُ، أو أتى امرأةً حائضاً،
أو أتى امرأةً في دُبُرِها، فقَد بَرِئَ بما أنزلَ على محمدٍ.»

"ജ്യോത്സ്യനെ സമീപിച്ചു കൊണ്ട് അയാൾ പറയുന്നതിൽ വിശ്വസിക്കുകയോ, ആർത്തവകാരിയുമായി ലൈംഗിക വേഴ്ച നടത്തുകയോ, സ്ത്രീയെ അവളുടെ ഗുദത്തിലൂടെ സമീപിക്കുകയോ ചെയ്തവൻ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ടതിൽ നിന്ന് സ്വതന്ത്രനായി."[7]

മുകളിലുള്ള താക്കീതുകളൊന്നും വകവെക്കാതെ, ആർത്തവകാരിയുമായി ആരെങ്കിലും വേഴ്ച നടത്തിയെങ്കിൽ, ആത്മാർത്ഥമായ പശ്ചാത്താപം കൊണ്ടല്ലാതെ, അവൻ സ്വയം ഏറ്റു വാങ്ങിയ ആ മഹാപാപത്തെ മായ്ച്ചു കളയുക സാധ്യമല്ല. മാത്രമല്ല, പ്രായശ്ചിത്തമായി അവൻ ദാനധർമ്മം നൽകുകയും വേണം.

ഇബ്നു അബ്ബാസ് (ﷺ) നിവേദനം: ആർത്തവകാരിയായ ഭാര്യയുമായി ലൈംഗിക വേഴ്ച നടത്തിയ ഒരാളെ കുറിച്ച് റസൂൽ(ﷺ) പറഞ്ഞു:

«يتَصَدقُ بدينارٍ أو نِصفِ دينارٍ.»

"ഒരു ദീനാറിനോ അര ദീനാറിനോ തുല്യമായ തുക അവൻ ദാനം ചെയ്യണം."[8]

ഇതിനെ വിശദീകരിച്ചുകൊണ്ട് ഇബ്നു അബ്ബാസ് (ﷺ) പറഞ്ഞു:

"إذا كان دماً أحمرَ فدينارٌ، وإذا كان دماً أصفرَ فنِصفُ دينارٍ."

"രക്തം ചുവപ്പ് നിറത്തിലാണെങ്കിൽ ഒരു ദീനാറും, (അവസാന ഘട്ടത്തിലെ) മഞ്ഞ നിറത്തിലാണെങ്കിൽ അര ദീനാറുമാണ്."[9]

**വദനസുരതം (Oral Sex)**

ഇണയുടെ ജനനേന്ദ്രിയത്തെ ഉത്തേജിപ്പിക്കുന്നതിന് വേണ്ടി വായ ഉപയോഗിക്കുന്നതിനാണ് "വദനസുരതം" എന്നു പറയുന്നത്.

ഇസ്ലാമിക പ്രമാണങ്ങളിലോ, സലഫുകളുടെ വാക്കുകളിലോ വദനസുരതത്തെ കുറിച്ചുള്ള യാതൊരു പരാമർശവുമില്ല. ഇത് രണ്ട് കാരണങ്ങൾ കൊണ്ടാകാം:

---

[7] *അബൂദാവൂദ്, തിർമിദി.* സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*ആദാബുസ്സിഫാഫ്* പേ. 105-106)

[8] *അബൂദാവൂദ്, നസാഈ.* സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*ആദാബുസ്സിഫാഫ്* പേ. 122-123)

[9] *അബൂദാവൂദ്, തിർമിദി.* സ്വഹീഹാണെന്ന് അൽബാനി സ്ഥിരപ്പെടുത്തി. (*സ്വഹീഹ് അബീദാവൂദ്* ന. 258, *സ്വഹീഹ് അത്തിർമിദി* ന. 118)

1. ഈ രീതി ആദ്യകാല മുസ്ലിംകൾക്ക് പരിചയമുണ്ടായിരുന്നില്ല. ആധുനിക അശ്ലീല സാഹിത്യങ്ങളുടെയും വൃത്തികേടുകളുടെയും വ്യാപനത്തോടെയാണ് അത് പരക്കെ അറിയപ്പെട്ടു തുടങ്ങിയത്.

വദനസുരതത്തെ കുറിച്ച് അല്ലാമ അൽബാനി(رحمه الله)യോട് ഒരിക്കൽ ചോദിക്കപ്പെടുകയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞു:

“നായ്ക്കളല്ലാതെ മറ്റാരെങ്കിലും ഇതു ചെയ്യുന്നതായി ഞങ്ങൾ കേട്ടിട്ടില്ല.”[10]

2. ഒരളവോളം, ഇതിനെ ബാഹ്യകേളികളിൽ എണ്ണാവുന്നതാണ്. ബാഹ്യകേളികൾ, ലൈംഗികവേഴ്ച, തുടങ്ങി ദാമ്പത്യ ബന്ധത്തിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതിനെ ഇസ്ലാം വിലക്കിയതാണ്.

മുകളിലുള്ള ഈ ധാരണയുടെ അടിസ്ഥാനത്തിൽ, ഇത് അനുവദനീയമാണെന്നും, എന്നാൽ, താഴെ പറയുന്ന കാരണങ്ങളാൽ, അത് അങ്ങേയറ്റം വെറുക്കപ്പെട്ടതാണെന്നും നമുക്ക് മനസ്സിലാക്കാം :

1. ക്വുർആനിൽ നിന്നോ സുന്നത്തിൽ നിന്നോ വ്യക്തമായ തെളിവ് ലഭിക്കാത്തിടത്തോളം ഒരു കാര്യത്തെ നിഷിദ്ധമായി വിധിക്കാൻ സാധ്യമല്ല.

2. സച്ചരിതരായ ആദ്യകാല മുസ്ലിംകളുടെ നടപടിക്രമങ്ങളിൽ വദനസുരതം അറിയപ്പെട്ടിട്ടില്ല. മാത്രമല്ല, അത് നായ്ക്കളുടെയും അവിശ്വാസികളുടെയും രീതിയാണ്. സച്ചരിതരായ സലഫുകളെ അനുകരിക്കാനാണ് മുസ്ലിംകൾ പ്രോത്സാഹിപ്പിക്കപ്പെട്ടിട്ടുള്ളത്. അവിശ്വാസികളെയും മൃഗങ്ങളെയും അനുകരിക്കുന്നത് നിരുത്സാഹപ്പെടുത്തിയിട്ടുമുണ്ട്. അതിനാൽ, വദനസുരതം വെറുക്കപ്പെട്ട ഒരു രീതിയാണ്.

3. ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ ചുംബിക്കുന്നത് പോലെ, വദനസുരതവും ബാഹ്യകേളികളുടെ ഒരു രൂപമായി പ്രയോഗിക്കാവുന്നതാണ്. എന്നാൽ, സാധാരണ ലൈംഗിക വേഴ്ചക്ക് പകരമായി ഉപയോഗിക്കുന്ന രീതിയിലേക്ക് പോകരുതെന്ന് മാത്രം.

4. വദനസുരതം കാരണമായി ഇരുവരും തന്റെ പങ്കാളിയുടെ സ്രാവം കുടിക്കുന്ന അവസ്ഥയുണ്ടാകരുത്. ഈ സ്രാവങ്ങളിൽ ചിലത് (ശുക്ലത്തിന് മുമ്പായി വരുന്ന ദ്രാവകം) നജസാണ്. അവ വായിലോ വസ്ത്രത്തിലോ ആകരുത്. മാത്രമല്ല, ഒരു പുരുഷൻ തന്റെ ഭാര്യയുടെ വായിലേക്ക് സ്ഖലനം നടത്തരുത്. എന്തെന്നാൽ, വായ വിത്ത് ഉൽപാദിപ്പിക്കുന്ന സ്ഥലമല്ല. കൂടാതെ, അതിൽ ദോഷകരമായ മറ്റു പലതുമുണ്ട്.

5. അമിതമായ വദനസുരതം ജനനേന്ദ്രിയത്തിന് രോഗപ്പകർച്ചയുണ്ടാക്കും (പുരുഷൻമാരേക്കാൾ കൂടുതൽ അതിനുള്ള സാധ്യത സ്ത്രീകൾക്കാണ്). ഇസ്ലാമാകട്ടെ, ഹാനിയുണ്ടാക്കുന്നതിനെ വിലക്കുകയും ചെയ്യുന്നു.

---

[10] അൽബാനി ദമസ്കസിൽ നിന്നും ജോർദാനിലേക്ക് പലായനം ചെയ്യുന്നതിന് മുമ്പായി റിക്കോർഡ് ചെയ്ത ഒരു പഴയ കേസറ്റിൽ നിന്ന്.

**ദാമ്പത്യ രഹസ്യങ്ങൾ വെളിപ്പെടുത്തൽ**

സ്വന്തം ഭാര്യയുടെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതിനെ ഇസ്‌ലാം ശക്തമായി വിലക്കുന്നുണ്ട്. വിശിഷ്യാ, ഭർത്താവല്ലാതെ മറ്റാരും അറിയാത്ത മറുക്, ബാഹ്യകേളികളോടുള്ള പ്രതികരണങ്ങൾ, എന്നിത്യാദി ദാമ്പത്യരഹസ്യങ്ങൾ പരസ്യമാക്കരുത്. അതേ രൂപത്തിൽ, സ്ത്രീയും അവളുടെ ദാമ്പത്യ രഹസ്യങ്ങൾ മറ്റു സ്ത്രീകളുമായി പങ്ക് വെക്കുന്നത് നിഷിദ്ധമാണ്.

അബൂ സഈദുൽ ഖുദ്‌രി (﵁) നിവേദനം: റസൂൽ(ﷺ) പറഞ്ഞു:

«إن من أشدِّ الناس عندَ اللهِ منزلةً يومَ القيامةِ الرَّجُلُ
يُفضِي إلى امرأتِه، وتُفضِي إليه، ثُمَّ ينشُرُ سِرَّها.»

“നിശ്ചയം, അന്ത്യനാളിൽ അല്ലാഹുവിന്റെ മുമ്പിൽ ഏറ്റവും മോശപ്പെട്ട മനുഷ്യൻ, ഭാര്യയുമായി ബന്ധപ്പെട്ട ശേഷം അവളുടെ രഹസ്യങ്ങൾ വെളിപ്പെടുത്തന്നവനാണ്.”[11]

ഭാര്യയുടെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നത് അവളുടെ ഹൃദയത്തിൽ ഭീതിയും അവിശ്വാസവുമുണ്ടാകാൻ ഇടയാക്കും. കൂടാതെ, അത് പുരുഷൻ ദയ്യൂഥിലേക്ക് ചാഞ്ഞു പോകുന്നതിന്റെ സൂചനയുമാകാം.

[11] *മുസ്‌ലിം. അബൂദാവൂദ്.*